**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3631** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഇരുചക്രവാഹനാപകടങ്ങൾ കുറക്കുന്നതിനായി ഗതാഗത വകുപ്പ് വികസിപ്പിക്കുന്ന പരിഹാര നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബൈക്ക് അപകടങ്ങളിൽ കൂടുതൽ പേർ മരണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മുൻ വർഷങ്ങളിലെ കണക്കുകൾ പരിശോധിക്കുമ്പോൾ മോട്ടോർ സൈക്കിൾ ഉൾപ്പെടുന്ന വാഹനാപകടങ്ങൾ, ആയത് കാരണമുള്ള മരണം എന്നിവ മറ്റ് വാഹന വിഭാഗത്തെ അപേക്ഷിച്ച് വളരെ കൂടുതലാണ്. |
| (ബി) | സംസ്ഥാനത്ത് റേസിംഗ് ബൈക്കുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ 2022 വർഷത്തിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത റേസിംഗ് ബൈക്കുകൾ എത്രയാണെന്ന് അറിയിക്കാമോ; | (ബി) | മോട്ടോർ വാഹന ചട്ടത്തിൽ റേസിംഗ് ബൈക്കുകൾ എന്നൊരു വിഭാഗമില്ല. എന്നാൽ എഞ്ചിൻ ക്യൂബിക്ക് കപ്പാസിറ്റി കൂടിയ ബൈക്കുകളാണ് സാധാരണ റേസിംഗിന് ഉപയോഗിക്കുന്നതായി കണ്ടുവരുന്നത്. |
| (സി) | റേസിംഗ് ബൈക്കുകളുടെ അപകടത്തെ തുടർന്ന് കഴിഞ്ഞ രണ്ട് വർഷത്തിനിടെ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും കണക്കുകൾ ലഭ്യമാണോ; വിശദമാക്കുമോ; ബൈക്കുകൾ രൂപമാറ്റം വരുത്തി ഉപയോഗിക്കുന്നത് കൂടുതൽ അപകടങ്ങൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) | റേസിംഗ് ബൈക്കുകളുടെ അപകടത്തെത്തുടർന്ന് കഴിഞ്ഞ രണ്ട് വർഷത്തിനിടെ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും കണക്കുകൾ ലഭ്യമാണ്. തിരുവനന്തപുരം റൂറൽ ജില്ലയിൽ റേസിംഗ് ബൈക്കുകളുടെ അപകടത്തെത്തുടർന്ന് 2022 വർഷത്തിൽ രണ്ട് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ രണ്ട് പേർക്ക് നിസ്സാര പരിക്കുകൾ സംഭവിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ റേസിംഗ് ബൈക്കുകളുടെ അപകടത്തെത്തുടർന്ന് 2021 വർഷത്തിൽ ഒരു കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് അതിൽ മൂന്നു പേർ മരണപ്പെട്ടിട്ടുണ്ട്. ബൈക്കുകൾ രൂപമാറ്റം വരുത്തി ഉപയോഗിക്കുന്നത് കൂടുതൽ അപകടങ്ങൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അംഗീകൃത ഏജൻസി അപ്രൂവൽ നൽകിയിട്ടുള്ള ഒരു വാഹനത്തിൽ മറ്റ് രീതിയിലുള്ള രൂപമാറ്റം വരുത്തുന്നത് നിയമലംഘനമാണ്. വാഹനത്തിന്റെ സുരക്ഷയെ ബാധിക്കുമെന്നുള്ളതിനാൽ തന്നെ ഇത്തരത്തിൽ രൂപമാറ്റം വരുത്തുന്ന വാഹനങ്ങൾ കണ്ടെത്തിയാൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇരുചക്രവാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായി | (ഡി) | ഇരുചക്ര വാഹന യാത്രക്കാർ പൊതു നിരത്തുകളിൽ |

| | | | |
|---|---|---|---|
| | കാര്യക്ഷമമായ പരിഹാര നടപടികൾ വികസിപ്പിക്കുന്നതിന് ഗതാഗത വകുപ്പ് പദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കുമോ? | | നിയമാനുസൃതമായി വാഹനം ഉപയോഗിക്കുകയാണെങ്കിൽ അപകടങ്ങൾ ഒരു പരിധി വരെ ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. അതായത് ഹെൽമറ്റ് ശരിയായി ഉപയോഗിക്കുക (Rider & Pillion Rider), അമിത വേഗതയിൽ വാഹനം ഓടിക്കാതിരിക്കുക, ഗതാഗത നിയമലംഘനങ്ങൾ നടത്താതിരിക്കുക, മദ്യപിച്ചുകൊണ്ടും മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടും വാഹനം ഉപയോഗിക്കാതിരിക്കുക എന്നിവ ശ്രദ്ധിച്ചാൽ വാഹനാപകടങ്ങളും, അതുവഴി ഉണ്ടാകുന്ന മരണങ്ങളും നിയന്ത്രിക്കുന്നതിന് സാധിക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ മേൽപ്പറഞ്ഞ നിയമലംഘനങ്ങൾ തടയുന്നതിന് റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, റോഡ് ഷോ, തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ സോഷ്യൽ മീഡിയ വഴിയും റേഡിയോ, ടെലിവിഷൻ, പത്ര മാധ്യമങ്ങൾ തുടങ്ങിയവ വഴിയും റോഡ് സുരക്ഷാ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അനധികൃത രൂപമാറ്റം വരുത്തിയിട്ടുള്ള വാഹനങ്ങൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. വരും കാലയളവിലും മേൽ പ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ